**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1741** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യുടെ സമ്പൂർണ്ണ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എം.വിജിൻ** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തിനായി സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, കെ.എസ്.ആർ.ടി.സി.യുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തോടനുബന്ധിച്ച്, പ്രൊഫ.സുശീൽ ഖന്ന സമർപ്പിച്ച റിപ്പോർട്ടിലെ പുനരുദ്ധാരണ പാക്കേജിൻ പ്രകാരം നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ തിരിച്ചടവ് കാലയളവിൽ എടുത്തിരുന്ന വായ്പകൾ, പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലും ഉള്ള 3100 കോടി രൂപ വായ്പയായി പുനഃക്രമീകരിച്ചിട്ടുണ്ട്. തൽഫലമായി വായ്പ തിരിച്ചടവ് ഇനത്തിൽ പ്രതിമാസം ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽ നിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും, പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമായപ്പോൾ സർക്കാർ മുൻകൈയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക 10% പലിശയുൾപ്പെടെ സർക്കാർ 6 മാസത്തിനകം സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പലിശ 8.5% ആയി |

| | | | |
|---|---|---|---|
| | | | കുറച്ചിട്ടുണ്ട്. 2020 ഏപ്രിൽ മാസം മുതൽ 2021 ജൂലൈ മാസം വരെ ഈയിനത്തിൽ ആകെ 11,31.74 കോടി രൂപ കെ.എസ്.ആർ.ടി.സി.യുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരി കാലത്ത് ജനങ്ങൾ പൊതുഗതാഗത സംവിധാനം ഉപയോഗിക്കാൻ വിമുഖത കാട്ടിയതിനെത്തുടർന്ന്, കെ.എസ്.ആർ.ടി.സി.യുടെ വരുമാനം ഗണ്യമായി കുറയുകയും ഇതുനിമിത്തം ജീവനക്കാർക്ക് പ്രതിമാസ ശമ്പളം പോലും നൽകാൻ കഴിയാത്ത അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയുമാണ്. ഈ പ്രതിസന്ധി കാലഘട്ടത്തിൽ 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്താലാണ് കെ.എസ്.ആർ.ടി.സി. നിലനിന്നുപോരുന്നത്. ടി കാലയളവ് മുതൽ നാളിതുവരെയും ശമ്പളം / ഇടക്കാലാശ്വാസം / കോവിഡിന്റെ ആദ്യ വ്യാപന ഘട്ടത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാറ്റി വെച്ചിരുന്ന തുക എന്നിവയുൾപ്പെടെ നൽകുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ച് വരുന്നുണ്ട്. ഈയിനത്തിൽ ആകെ 2020 മാർച്ച് മുതൽ 2021 ആഗസ്റ്റ് വരെ 1380.96 കോടി രൂപ കെ.എസ്.ആർ.ടി.സി.യുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതോടൊപ്പം കോവിഡ് മഹാമാരിയെ തുടർന്ന്, കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം കുത്തനെ കുറഞ്ഞതിനാൽ കൺസോർഷ്യം വായ്പകളുടെ തിരിച്ചടവും മുടങ്ങിയ സാഹചര്യത്തിൽ പൊതുമേഖലാ ബാങ്കുകളിൽ നിന്നുള്ള നിയമ നടപടികൾ ഒഴിവാക്കുന്നതിനായി 2020 ഡിസംബർ മുതൽ 2021 സെപ്റ്റംബർ വരെ ആകെ 360 കോടി രൂപയും കെ.എസ്.ആർ.ടി.സി.യുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | സ്വകാര്യ സ്റ്റേജ് കാരേജ് വാഹനങ്ങൾ പലതും പ്രവർത്തനം നിർത്തിയിട്ടുള്ള സാഹചര്യത്തിൽ ഗ്രാമ പ്രദേശങ്ങളിലേക്കുൾപ്പെടെ പരമാവധി ബസുകൾ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | നിലവിൽ ഗ്രാമപ്രദേശങ്ങളിലേയ്ക്കുൾപ്പെടെ യാത്രക്കാരുടെ ആവശ്യം അനുസരിച്ച് പരമാവധി സർവ്വീസുകൾ ജനോപകാരപ്രദമായി കോർപ്പറേഷൻ നടത്തി വരികയാണ്. കൂടാതെ ഗ്രാമീണ മേഖലകളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുന്നതിനായി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് 'ഗ്രാമവണ്ടി' എന്ന ഒരു പുതിയ ആശയം മുന്നോട്ട് വച്ചിട്ടുണ്ട്. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| (സി) | കിഫ്ബി സഹായത്തോടെ സി.എൻ.ജി. വാഹനങ്ങൾ പുതുതായി വാങ്ങുന്നതിനുദ്ദേശിക്കുന്നുണ്ടോ; നിലവിലുള്ള വാഹനങ്ങളെ സി.എൻ.ജി. ഇന്ധനത്തിലേക്കു മാറ്റി തുടരെയുള്ള ഡീസൽ വില വർദ്ധനവ് സൃഷ്ടിക്കുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ? | (സി) | കിഫ്ബിയുടെ സഹായത്തോടുകൂടി 310 സി.എൻ.ജി. ബസുകൾ വാങ്ങുന്നതിനുള്ള ദർഘാസ് നടപടിക്രമങ്ങൾ നടന്നു വരികയാണ്. 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം നടത്തുന്നതിന്റെ പ്രാരംഭ നടപടിയായി വാഹന നിർമ്മാതാക്കളിൽ നിന്നും സി.എൻ.ജി എഞ്ചിനും അനുബന്ധ സാമഗ്രഹികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടുതൽ ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനു മുന്നോടിയായി ആദ്യ ഘട്ടത്തിൽ 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനു വേണ്ടി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ദർഘാസിൽ 2 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുള്ളതാണ്. ആയതിന്റെ സാമ്പത്തിക ദർഘാസ് തുറന്ന് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് ഒരു പരിധിവരെ ഡീസൽ വിലവർദ്ധനവ് സൃഷ്ടിക്കുന്ന പ്രതിസന്ധി നേരിടുന്നതിന് സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ